*Malappuram District Police*

## 24.08.2017 മലപ്പുറം

സിദ്ധനാണെന്ന വ്യാജേന സാമ്പത്തിക തട്ടിപ്പ് നടത്തി ഏറെ നാളായി ഒളിവിലായിരുന്ന പ്രതിയെ മലപ്പുറം പോലീസ് സ്പെഷ്യൽ സ്ക്വാഡ് അറസ്റ്റ് ചെയ്തു. കുടക് സോംവാർപേട്ട് കണ്ടക്കരെ സ്വദേശി കുഞ്ഞിമുഹമ്മദ് (38 വയസ്സ്) എന്നയാളാണ് പോലീസ് പിടിയിലായത്. 2015 അവസാനത്തിലായിരുന്നു കേസിനാസ്പദമായ സംഭവം. കേസ് ഇങ്ങനെ : മലപ്പുറം ചട്ടിപ്പറമ്പിൽ വാടക കോട്ടേഴ്സിൽ താമസിക്കുകയായിരുന്ന സ്ത്രീക്ക് സുഖമില്ലാത്ത കുട്ടിയുടെ ചികിത്സക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചുകിട്ടിയ പണമുൾപ്പെടെ രണ്ട് ലക്ഷത്തോളം രൂപ പരാതിക്കാരിയുടെ അയൽപക്കത്ത് സിദ്ധനാണെന്ന വ്യാജേന താമസിച്ചിരുന്ന പ്രതി വീട് വെക്കാൻ സ്ഥലം വാങ്ങിത്തരാം എന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് കൈക്കലാക്കി മുങ്ങുകയായിരുന്നു. അന്ന് പോലീസ് കുടകിലും പരിസരത്തും ചെന്ന് അന്വേഷിച്ചെങ്കിലും പ്രതി അവിടെ നിന്നും കടന്നുകളഞ്ഞതിനെ തുടർന്ന് കോടതി ഇയാളുടെ പേരിൽ ജാമ്യമില്ലാ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിരുന്നു. പിന്നീട് രണ്ട് ദിവസം മുമ്പ് പോലീസ് കർണ്ണാടകയിലെത്തുകയും പ്രതിയുടെ നീക്കങ്ങൾ മനസ്സിലാക്കിയ ശേഷം ഇന്നലെ പുലർച്ചെ കർണ്ണാടകയിലെ NH-766 ലൂടെ സഞ്ചരിക്കുകയായിരുന്ന പ്രതിയുടെ വാഹനത്തെ പിന്തുടർന്ന് ബേഗൂർ എന്ന സ്ഥലത്തുവെച്ച് തടഞ്ഞ് നിർത്തിയാണ് അറസ്റ്റ് ചെയ്തത്. മലപ്പുറം കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻറ് ചെയ്തു.

മലപ്പുറം എസ്.ഐ വി. കുഞ്ഞിമുഹമ്മദ്, സ്പെഷ്യൽ സ്ക്വാഡ് അംഗങ്ങളായ സ്രാമ്പിക്കൽ മുഹമ്മദ് ഷാക്കിർ, എൻ.എം. അബ്ദുല്ല ബാബു എന്നിവരാണ് പ്രതിയെ പിടികൂടിയത്.